# ഐക്യദീപം

2019 ജൂൺ 6

സ്പെഷ്യൽ സപ്ലിമെന്റ്




# തിരുവല്ലയുടെ മഹിതാചാര്യ, സമാധാനത്തോടെ പോവുക...

മലങ്കര കത്തോലിക്കാ സഭയുടെ
സ്നേഹപ്രകാശം...
പാവങ്ങളുടെ ഇടയൻ...
ആത്മീയതയുടെ ഗുരുശ്രേഷ്ഠൻ...
ഞങ്ങളുടെ വത്സല പിതാവിന്
ഐക്യദീപം കുടുംബത്തിന്റെ
കണ്ണീരിൽ കുതിർന്ന
യാത്രാമൊഴികൾ....

## കാരുണ്യവും കരുതലും നല്കിയ അജപാലകൻ


**കർദ്ദിനാൾ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാബാവാ**


**ദി**വംഗതനായ മാർ തിമോത്തിയോസ് പിതാവ് നമ്മുടെ സഭയ്ക്ക്, തിരുവല്ല അതിരൂപതയ്ക്ക്, നമ്മുടെ ദേശത്തിനു നൽകിയിട്ടുള്ള വലിയ നന്മകൾ ഓർത്ത് നമുക്ക് ദൈവത്തോട് നന്ദി പറയാം. വൈദികനായി, ഒരു വൈദികന്റെ പുത്രനായി, സഹോദരവൈദികനായും, സഹോദരികൾ സന്യാസിനികളുമായി ഒരു കുടുംബത്തിൽ നിന്നുള്ള സമർപ്പണത്തിന്റെ ദൈവനിയോഗം മേൽപ്പട്ട സ്ഥാനത്തേയ്ക്ക് പിതാവിനെ ക്ഷണിക്കുമ്പോൾ അതിന്റെ പ്രഥമ ഘട്ടത്തിൽ വിനയാന്വിതനായി അദ്ദേഹം ഒഴിഞ്ഞുമാറുകയും എന്നാൽ സമർപ്പണത്തിൽ വളരെ വർദ്ധമാനമായ രീതിയിൽ പുരോഹിതനായി ശുശ്രൂഷിക്കുകയും ചെയ്തുവെന്നും ദൈവപദ്ധതി സുനിശ്ചിതമായിരുന്നതിനാൽ വന്ദ്യപിതാവ് നമ്മുടെ അതിരൂപതയുടെ മേലദ്ധ്യക്ഷസ്ഥാനത്തേയ്ക്ക്, മാർ യൂഹാനോൻ തിരുമേനിയുടെ ദേഹവിയോഗത്തെ തുടർന്ന് നിയോഗിതനാവുകയുമായിരുന്നു. അതിയായ സമർപ്പണത്തോടുകൂടി തിമോത്തിയോസ് പിതാവ് മേൽപ്പട്ടശുശ്രൂഷ ഭദ്രാസന ദേവാലയത്തിൽ ആരംഭിച്ച് ഭദ്രാസന ദേവാലയത്തിൽ പൂർത്തിയാക്കുന്നു.

വന്ദ്യ പിതാവ് നമുക്ക് ആരായിരുന്നു എന്നത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും പിതാവ് പഠിപ്പിച്ചിട്ടുണ്ട്. മൈനർ സെമിനാരിയിൽ പിതാവിന്റെ ശിഷ്യന്മാരായിരുന്നു രൂപതയിലെ ഏറിയപങ്ക് വൈദീകരും. അതിന്റെ ഭാഗ്യവും അനുഗ്രഹവുമൊക്കെ നന്ദിയോടെ ഓർക്കാം.

പിതാവ് നമ്മുടെ രൂപതയുടെ മെത്രാനായി ചുമതലയേൽക്കുമ്പോൾ പിതാവ് പണി കഴിപ്പിക്കുവാൻ നേതൃത്വം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊതുകേന്ദ്രങ്ങളും, ദേവാലയങ്ങളും ഒരു അടയാളമാണ്. പിതാവ്, ഉന്നതശീർഷനായ



വ്യക്തിയാണ്, അദ്ദേഹത്തിന്റെ ശരീരവും മനസ്സുമെല്ലാം ഉയർന്ന ഒരു അളവാണ് നമ്മെ ബോദ്ധ്യപ്പെടുത്തുക. ചെറിയ കൂട്ടായ്മകൾക്കാണെങ്കിലും അതിനെക്കാൾ വലിയദേവാലയങ്ങളാണ് പിതാവ് എപ്പോഴും ക്രമീകരിച്ചിരുന്നത്. പിതാവിന്റെ സഹായങ്ങൾ ഒരിക്കലും ചെറുതല്ല. വലിയ ഔദാര്യത്തോടുകൂടിയതണ്. പിതാവ് ശുശ്രൂഷിച്ച ഇടവകകളെയൊക്കെ, പിതാവ് ചുമതലയേൽക്കുമ്പോൾ ഉണ്ടായിരുന്ന ഒരുക്കത്തിൽനിന്ന് അൽപം കൂടി വലുപ്പപ്പെടുത്തിയാണ് പിതാവ് മടങ്ങിയിട്ടുള്ളത്. നമ്മുടെ വളരെ പിന്നോക്കം നിൽക്കുന്ന കൊച്ച് ഇടവകകളിൽ വലിയ ദേവാലയങ്ങൾ അവരുപോലും സ്വപ്നം കാണുന്നതിന് സാധിതമാകാത്തപ്പോൾ പിതാവ് വലിയ ഔന്നത്യത്തിൽ അവരെ ബലപ്പെടുത്തിയിട്ടുണ്ട്. തിരുവല്ല രൂപതയിൽ വന്ദ്യപിതാവിന്റെ പിൻഗാമിയായ ചുമതലയേറ്റപ്പോൾ മുതൽ കൂടുതൽ പിതാവിന്റെ വ്യക്തിത്വം മനസ്സിലാക്കാൻ സാധിച്ചു.

ഒരേ സമയത്ത് രൂപതയുടെ മൂന്നു ഭാഗങ്ങളിൽ പാസ്റ്ററൽ സെന്റേഴ്സ്, അതിവിശാലമായ രീതിയിൽ, അങ്ങനെയൊന്ന് ആവശ്യമുണ്ടോയെന്ന് ചിന്തിക്കുക പോലും ചെയ്യാത്ത സമയത്ത് വന്ദ്യപിതാവ് പീച്ചിയിലും, കട്ടപ്പനയിലും, ശാന്തിനിലയത്തിന്റെ പുതിയ ക്രമീകരണത്തിലുമൊക്കെ പിതാവ് എടുത്ത കരുതൽ ശ്രദ്ധേയമാണ്. പിതാവ് ദൈവശാസ്ത്രത്തിലോ കാനൻ നിയമത്തിലോ ആഴപ്പെട്ട ഡിഗ്രി കരസ്ഥമാക്കി ശുശ്രൂഷയിൽ വന്നതല്ല. എന്നാൽ, വന്ദ്യപിതാവിന് ഒരു അജപാലന ദൈവ


(ശേഷം 2–ാം പേജിൽ)


## ശ്രേഷ്ഠ പിതാവേ, ശോഭയുള്ള മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ!


**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**


**മ**ലങ്കര സഭയിലെ ഏറ്റം സീനിയർ മെത്രാപ്പോലീത്തായും നവ തിരുവല്ലായുടെ സൃഷ്ടിക്കു ഊടും പാവും നെയ്യുകയും ചെയ്ത ദൈവഭക്തനായ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവ് നമ്മോട് യാത്ര പറയുന്നു. തിരുവല്ലാ അതിരൂപതയുടെ സുവർണ്ണകാലമെന്ന് വിശേഷിപ്പിക്കാവുന്ന ഈ മഹിതാചാര്യന്റെ ശുശ്രൂഷ കാലഘട്ടത്തിലെ സമർപ്പണത്തിവന്റേയും സ്നേഹത്തിന്റേയും നിറവുകളെ അക്ഷരങ്ങളിൽ പകർത്തുക ഏറെ ദുഷ്കരമാണ്. മെത്രാപ്പോലീത്തയായി നിയമനം ലഭിക്കുന്ന ദിവസം തന്നെ സെക്രട്ടറിയായി നിയമിക്കപ്പെട്ട വ്യക്തി എന്ന നിലയിൽ പിതാവിനെ ഏറെ അടുത്തറിയുന്നതിനും ശുശ്രൂഷകളിൽ സഹായിക്കുന്നതിനും എനിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് സസന്തോഷം കുറിക്കട്ടെ. പിതാവിന്റെ വ്യത്യസ്തങ്ങളായ ശുശ്രൂഷകളും നേതൃത്വവും നമ്മുടെ സഭയേയും നാടിനേയും ഏറെ വളർത്തി സ്വാധീനിച്ചു. ചൂണ്ടേവാലേൽ അച്ചൻ എന്ന ദീർഘകായനായ വൈദീകന്റെ ആകാരവടിവിനൊപ്പവും മുഖകാന്തിക്കൊപ്പവും വലിപ്പവും തിളക്കവുമുള്ളതാണ് വന്ദ്യപിതാവിന്റെ ഹൃദയം എന്ന് എല്ലാവരും സമ്മതിക്കും. ഇസ്രായേലിന്റെ കാവൽക്കാരൻ ഉറങ്ങുകയില്ല, ഉറക്കം തൂങ്ങുന്നുമില്ല എന്ന വിശേഷണം തിമോത്തിയോസ് പിതാവിനെപ്പറ്റി പലരും ഉദ്ധരിച്ചുകേട്ടിട്ടുണ്ട്. തന്റെ ജനത്തിന് വേണ്ടി എന്തൊക്കെ ചെയ്യാമോ അവയെല്ലാം പ്രാർത്ഥനാരൂപിയാൽ നിർവഹിക്കാൻ ശ്രദ്ധിച്ച ജാഗ്രതയുള്ള കാവൽക്കാരൻ.

അനുഗ്രഹീതമായ ഒരു കുടുംബത്തിൽ ജനിക്കുവാനും നേതൃപാടവം കൊണ്ടും ധീരമായ കാൽവയ്പ്പ്കൊണ്ടും സഭയെ ശക്തിപ്പെടുത്തിയ ചൂണ്ടേവാലേൽ ജേക്കബ്ബച്ചന്റേയും നൈർമ്മല്യത്തിന്റേയും പ്രാർത്ഥനയുടേയും പര്യായമായി വിളങ്ങിയ അന്നമ്മച്ചിയുടേയും സീമന്തപുത്രൻ, ദൈവപരിപാലന ജീവിതത്തിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നു എന്ന് ബോദ്ധ്യമുള്ള സണ്ണി എന്ന ജോർജ്ജ്, സേവേറിയോസ് പിതാവിന്റെ വിളിയിലൂടെ വൈദീക



സെമിനാരിയിൽ പ്രവേശിക്കുകയും കാൻഡിപേപ്പൽ സെമിനാരിയിൽ വച്ച് പട്ടം ഏൽക്കുകയും ആദ്യ ശുശ്രൂഷകൻ മൂവാറ്റുപുഴ രൂപതയുടെ ഇപ്പോഴത്തെ ആസ്ഥാനമായ വാഴപ്പള്ളിയിൽ സമാരംഭിക്കുകയും ചെയതു. തിരുവല്ല മൈനർ സെമിനാരിയുടെ ഏതാണ്ട് ഒന്നര വ്യാഴവട്ടകാലത്തെ അതിപ്രഗല്ഭനായ റെക്ടർ എന്ന നിലയിൽ ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ, തിരുവല്ല എന്നീ രൂപതകളിലെ ഒട്ടുമിക്ക വൈദീകകരേയും വാർത്തെടുക്കുവാൻ ഭാഗ്യം ലഭിച്ചു. വന്ദ്യപിതാവിന്റെ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷാ ഫലമാണ് എതാണ്ട് 200 ലധികം വൈദീകർ. വൈദീകനായിരുന്നപ്പോൾ തിരുവല്ലാക്കാരുടെ പ്രിയങ്കരനായ അച്ചനായിരുന്നു. പായിപ്പാടു പള്ളിയും മറ്റു സ്ഥാപനങ്ങളും ഉണ്ടാക്കി. കത്തീഡ്രൽ ഹാൾ എന്ന വികസനോത്മുഖമായ കാൽവെയ്പ് തിരുവല്ലയിലെ സാമൂഹിക സാംസ്കാരിക കലാവേദികൾക്ക് ശക്തി പകർന്ന സംഭവമായിരുന്നു. ആ കാലത്ത് പണിത അതിമനോഹരമായ കത്തീഡ്രൽ ഹാൾ. ആ കാലഘട്ടത്തിൽ ഇങ്ങനെയൊരു സംരംഭത്തെക്കുറിച്ചു ചിന്തിക്കുവാനും അത് പൊതുനന്മയ്ക്കുവേണ്ടി ഏറെ കലാഭംഗിയോടും ദൃശ്യ ശ്രവണ മേഖലകളിൽ അതിസൂഷ്മവും സാങ്കേതിക മികവും ചേർത്തു രൂപകല്ന ചെയ്തു എന്നതും വലിയ നേട്ടം തന്നെ. തിരുവല്ല അതിരൂപത തിരുവല്ല എന്ന നാടിന്റെ നാനാവിധ വളർച്ചയ്ക്കും മികവിനും മുൻകൈയെടുക്കേണ്ട ആത്മീയ പ്രസ്ഥാനം എന്ന സത്യം വന്ദ്യപിതാവ് ഒരിക്കൽ കൂടി സാക്ഷാത്കരിക്കുകയായിരുന്നു. സെമിനാരി റെക്ടർ


(ശേഷം 3–ാം പേജിൽ)

# നിത്യപുരോഹിതനായ യേശുവിന്റെ തിരുഹൃദയത്തോട് ചേർന്ന ശ്രേഷ്ഠാചാര്യൻ!



**മോസ്റ്റ് റവ. ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസ്**

**പൗ**രോഹിത്യത്തിന്റെ എല്ലാ നന്മകളും കൃപകളും നിറഞ്ഞിരുന്ന തിമോത്തിയോസ് പിതാവിന്റെ വേർപാട് ഏറെ ദുഃഖം ഉളവാക്കുന്നു. നിത്യപുരോഹിതനായ യേശു ജീവിച്ചതും പ്രസംഗിച്ചതുമായ പൗരോഹിത്യം ഈ കാലഘട്ടത്തിൽ മാതൃകയാക്കി ജീവിച്ച വന്ദ്യപിതാവിന്റെ ധന്യജീവിതം എത്രയോ ശ്രേഷ്ഠമായിരുന്നു. വിശുദ്ധ വചനത്തിന്റെയും കൂദാശാ അനുഷ്ഠാനങ്ങളുടെയും അരൂപിയിൽ ജീവിച്ച വന്ദ്യപിതാവിന്റെ ശ്രേഷ്ഠ ഇടയശുശ്രൂഷ അനേകായിരങ്ങൾക്ക് ആത്മീയ ശക്തി പകർന്നു. തിരുവല്ലാ അതിരൂപതാ എന്ന വിശാലമായ കുടുംബത്തിലെ എല്ലാ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സർവ്വതോന്മുഖമായ നന്മയും വളർച്ചയും വന്ദ്യപിതാവിന്റെ സ്വപ്നമായിരുന്നു. ആത്മീയ വളർച്ചയും ഭൗതീകവളർച്ചയും സ്വായത്തമാക്കുവാൻ സർവ്വരെയും പ്രോത്സാഹിപ്പിച്ച വന്ദ്യപിതാവ് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ എപ്പോഴും കരുണാമയനും ഔദാര്യസ്തനുമായിരുന്നു. വന്ദ്യ തിമോത്തിയോസ് പിതാവിന്റെ വ്യക്തിപ്രഭാവം വർണ്ണാനീതതമാണ്. എനിക്ക് ഗുരുവും പിതാവുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ



തിമോത്തിയോസ് പിതാവിന് പ്രാർത്ഥനയിലും കൃതജ്ഞതയിലും ചാലിച്ച ബാഷ്പാഞ്ജലികൾ! മലങ്കര സുറിയാനി സഭ അമേരിക്കൻ-കാനഡ ഭദ്രാസനത്തിന്റെ അനുശോചനങ്ങൾ!



(**കാരുണ്യവും കരുതലും...** തുടർച്ച...)

ശാസ്ത്രമുണ്ടായിരുന്നു. പിതാവ് ശുശ്രൂഷിച്ച ഓരോ ഇടവകയും പരിശോധിച്ചാൽ അറിയാം, എങ്ങനെയാണ് പിതാവ് അവർക്ക് ഔന്നത്യം കൊടുത്തത് എന്ന്. പിതാവ് കത്തീഡ്രൽ ദേവാലയത്തിന്റെ വികാരിയായിരുന്നുകൊണ്ട് അവിടെയുള്ള ഓരോ കുടുംബത്തെയും പേരുചൊല്ലി വിളിക്കുവാൻ ബന്ധമുള്ള ആളായിരുന്നു. ദേവാലയം പുതുക്കുന്നതിനുള്ള ആദ്യ ശക്തി കൊടുത്തു എന്ന് മാത്രമല്ല, ആ പള്ളിയിലുള്ള കുടുംബങ്ങളെ ഔന്നത്യം നൽകി ഉയർത്താൻ പിതാവ് എടുത്ത കരുതലും കാരണ്യവും എല്ലാം ശ്രദ്ധേയമാണ്. ഇതൊരു ഉദാഹരണം മാത്രമാണ്. എല്ലാ ഇടവകക്കാരുടെയും ഹൃദത്തിൽ ഇന്നും പിതാവ് ജീവിക്കുന്നു.

CBCIയുടെ വൈസ് പ്രസിഡന്റായിരുന്ന സമയത്താണ് തിമോത്തിയോസ് പിതാവ് കാരിത്താസ് ഇൻഡ്യയുടെ ചെയർമാനായത്. അന്ന് മഹാരാഷ്ട്രയിലുണ്ടായ ഭൂകമ്പങ്ങളിൽ കാരിത്താസ് ഇൻഡ്യയുടെ നേതൃത്വത്തിൽ ഭാരത കത്തോലിക്കാ സഭ നൽകിയ വലിയ കരുതൽ നമ്മുടെ പിതാവിന്റെ നേതൃത്വത്തിൽ നൽകിയിട്ടുള്ള വലിയ സംഭാവനയാണ്. ദളിത് സംവരണത്തിൽ ഡൽഹിയിൽ അറസ്റ്റ് വരിച്ച മെത്രാന്മാരിൽ മുൻനിരയിൽ ഉണ്ടായിരുന്നു നമ്മുടെ വന്ദ്യ തിമോത്തിയോസ് പിതാവ്.

അതിരൂപതയുടെ ഓരോ പ്രദേശവും വളരെ പരിചിതമായി ഹൃദയത്തിൽ പിതാവ് സൂക്ഷിച്ചിരുന്നു. ഓരോന്നിനെക്കുറിച്ചും കരുതലുണ്ടായിരുന്നു. ഇടവകാംഗങ്ങൾക്കും സമർപ്പിതർക്കും വൈദികർക്കും ഒരു ആത്മീയ കരുതൽ നൽകിയിരുന്നു. തിരുവല്ലയിൽ വൈദികനായിരിക്കുന്ന സമയത്ത് പിതാവ് ആരംഭിച്ച എക്യൂമെനിക്കൽ പ്രാർത്ഥനാവാരത്തിൽ ഞങ്ങൾ സെമിനാരിക്കാരെ ഓരോ ദേവാലയത്തിൽ കൊണ്ടുപോയിരുന്നത് ഒരു അനുഗ്രഹമായിരുന്നു. എല്ലാവരും ഒരുമിച്ച് എക്യൂമെനിക്കൽ മനോഭാവത്തോടെ ആരംഭിച്ച ശുശ്രൂഷയിൽ ചൂണ്ടേവാലിൽ അച്ചൻ വളരെ സജീവമായി നേതൃത്വം കൊടുത്തിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ തുടക്കത്തിന്റെ ശ്ലൈഹിക കണ്ണിയെന്നത് ഇന്നു സഭയ്ക്കും രൂപതയ്ക്കും നാടിനും മുതൽക്കൂട്ടാണ്.

ഒരു കാലഘട്ടത്തിൽ വലുതായി നമ്മെ കണ്ട, വലുതാക്കി മടങ്ങിയ ഒരു പിതാവിനെയാണ് നാം യാത്രയാക്കുന്നത്. സാമ്പത്തികമായ വലിയ ബുദ്ധിമുട്ടുകൾക്കിടയിലും നമ്മുടെ ദേവാലയങ്ങളെക്കുറിച്ചും ശുശ്രൂഷകളെക്കുറിച്ചും മാർ തിമോത്തിയോസ് പിതാവ് വലിപ്പത്തിലാണ് ഔദാര്യം കാട്ടിയത്. വലിപ്പത്തിലാണ് കൂടെ നിർത്തിയത്. സഭയുടെ ആരാധനാ ശുശ്രൂഷയിൽ, ആരാധനാപരമായ വളർച്ചയിൽ, നിഷ്ഠയോടെ എല്ലാകാര്യങ്ങളും ക്രമീകരിക്കുന്നതിനുള്ള ഒരു പൈതൃകസംരക്ഷണത്തിന്റെ ഒരു ഭാഗമായി പിതാവ് എടുത്തിട്ടുള്ള നിർണ്ണായകമായ സമർപ്പണം നന്ദിയോടെ ഓർക്കാം. പിതാവിലൂടെ നമ്മുടെ സഭയ്ക്ക്, അതിരൂപതയ്ക്ക് ലഭിച്ചിട്ടുള്ള കൃപയ്ക്ക് നന്ദി പറയാം.

വ്യക്തിപരമായി, ഒരു വൈദികനാകുന്നതിനുള്ള അടിസ്ഥാനരൂപീകരണം ലഭിച്ചുവെന്നുള്ളതാണ് പിതാവിനെക്കുറിച്ച് എന്റെ മനസ്സ് ഓർക്കുന്നത്. റെക്ടർ ആയിരിക്കുന്ന അവസരത്തിലുള്ള എല്ലാ നന്മകൾക്കും സ്നേഹത്തിനും ഞാൻ നന്ദി പറയുന്നു. ഞാൻ സഭാ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മാർ തിമോത്തിയോസ് പിതാവ് എന്റെ മുമ്പിൽ മുട്ടുകുത്തിയ രംഗമാണ് ഇപ്പോഴും എന്റെ ഞാൻ പിതാവിനെ പിടിച്ചെഴുന്നേൽപ്പിച്ചു. പിതാവ് പറഞ്ഞു, എന്റെ സഭയുടെ പിതാവിന്റെ മുമ്പിലാണ് ഞാൻ മുട്ടുകുത്തിയത്. പിതാവ് ഉന്നത ശീർഷനായ വലിയ മനുഷ്യൻ മുട്ടുകുത്തി മോതിരം ചുംബിച്ചപ്പോൾ പൗരോഹിത്യത്തിന്റെ നിർമ്മലമായ വഴികളിൽ പരിശുദ്ധാത്മാവ് കാണിച്ചുതരുന്ന പ്രത്യേക ഇടപെടലുകളെകുറിച്ച് ഓർക്കുന്നു, ആ വലിയ മനസ്സിന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.



തിരുവല്ലയുടെ വികസനത്തിന്, മാർ തിമോത്തിയോസ് പിതാവ് മുൻപന്തിയിലായിരുന്നു. പാവപ്പെട്ടവരെ സെമിനാരിയുടെ കൊച്ചു മുറിയിൽ കാണുകയും, സെമിനാരിയുടെ ചെറിയ പ്രവേശന കവാടത്തിൽവച്ച് സംസാരിച്ച് ആവശ്യമായ സഹായം നല്കിയിട്ടുള്ള അനവധി കുടുംബങ്ങൾ പിതാവിന്റെ സ്നേഹവലയത്തിൽ ഉണ്ടായിരുന്നു.

തിരുവല്ലയുടെ പൊതു വികസനത്തിനും നമ്മുടെ പബ്ലിക് സ്റ്റേഡിയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പിതാവിന്റെ ദീർഘവീക്ഷണം ഏറെ ശ്ലാഘനീയമാണ്. പിതാവിന്റെ ദീർഘവീക്ഷണവും നിർമ്മലവുമായ ഈ സമീപനവുമാണ് നമുക്ക് പാഠമായി നല്കുന്നത്.

ശുശ്രൂഷയിൽനിന്നും വിരമിച്ചപ്പോൾ, അരമനയിൽ താമസിക്കാതെ, പള്ളിമലയിൽ താമസിക്കാനുള്ള തീരുമാനമെടുത്തത് നിരവധി പാഠങ്ങളുടെ പിൻബലത്തിലാണ്. ഇപ്രകാരമുള്ള ഇടപെടലുകൾ ദീർഘവീക്ഷണമുള്ള പക്വമതിയായ ഒരു ഇടയന്റെ മനസ്സിനെയാണ് നമുക്ക് മദ്ധ്യേ കൊണ്ടുവന്ന് പരിചയപ്പെടുത്തുന്നത്. പിതാവിന്റെ ആത്മാവ് ദൈവത്തിൽ വിലയം പ്രാപിച്ച് ദൈവസന്നിധിയിൽ നമ്മളെയും ഓർക്കുവാൻ, നമുക്ക് പ്രാർത്ഥിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നാമത്തിൽ ഭാഗ്യവാനായ മാർ തിമോത്തിയോസ് പിതാവിന്റെ സമസ്ത ശ്ലൈഹികശുശ്രൂഷകളെയും കൃതജ്ഞതയോടെ ഓർക്കുന്നു. വന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ. കാരുണ്യവും കരുതലും ഞങ്ങൾക്ക് നല്കിയ ഞങ്ങളുടെ വന്ദ്യപിതാവേ, സമാധാനത്തോടെ പോയാലും!!!



## മോൺ. ചെറിയാൻ താഴമൺ



# ‘ചോദിച്ചവരാരും നല്കാതിരുന്നിട്ടില്ല, ചോദിച്ചവർക്കാർക്കും കിട്ടാതെയുമിരുന്നിട്ടില്ല’

**കാ**ലം ചെയ്ത അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്തയാണ് വൈദികപരിശീലനത്തിനായി സെമിനാരിയിൽ എനിക്ക് പ്രവേശനം നല്കിയതും ആദ്യ നാല് വർഷം രൂപീകരണം നല്കിയതും വൈദികാഭിഷേകം സ്വീകരിക്കുന്നതുവരെ പരിശീലനം നല്കിയതും. അദ്ദേഹത്തിന്റെ ആത്മാവ് ദേഹം വെടിഞ്ഞ് നിത്യതയിലേക്ക് പറന്നകന്ന നിമിഷത്തിൽ അദ്ദേഹത്തിന്റെ കിടക്കക്കരികിൽ നിറമിഴികളോടെ ആയിരുന്നപ്പോൾ എന്റെ മനസ്സിലേക്ക് കടന്നുവന്ന ചിന്ത ഇപ്രകാരമായിരുന്നു: “കയ്യിൽ കിട്ടിയതെല്ലാം ആവശ്യക്കാർക്കു കൊടുത്തു തീർത്തതിൽ സംതൃപ്തി കണ്ടെത്തുകയും കണ്ടുമുട്ടിയവരുടെയെല്ലാം ഹൃദയത്തിൽ ഇടം കണ്ടെത്തുകയും ചെയ്ത പിതാവ് കിട്ടുന്നതിനെക്കാൾ കൊടുക്കുന്നതിൽ ആനന്ദവും സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. വന്ദ്യപിതാവ് വൈദികനായിരുന്നപ്പോഴും മെത്രാപ്പോലിത്താ ആയിരുന്നപ്പോഴും അദ്ദേഹത്തിന്റെ വാസസ്ഥലത്ത് സഹായം തേടിവരുന്നവരുടെ നീണ്ടനിര കാണാമായിരുന്നു. സഹായം തേടി വന്നിരുന്നവർ പ്രതീക്ഷിച്ചതിൽ കവിഞ്ഞ ഔദാര്യം അദ്ദേഹത്തിൽനിന്നു സ്വീകരിച്ചാണ് അവർ മടങ്ങിയിരുന്നത്. ആർക്കും നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ലെന്നത് നഗ്ന യാഥാർത്ഥ്യം. ആവശ്യക്കാർക്കുവേണ്ടി ഔദാര്യമതികളെ കണ്ടെത്താനും അപരന്റെ ആവശ്യം അവരുടെ പക്കൽ അവതരിപ്പിച്ച് സഹായം തേടാനും അദ്ദേഹത്തിന് അശേഷം മടിയില്ലായിരുന്നു. തനിക്കുവേണ്ടി ആരോടും ഒന്നും ചോദിക്കാത്ത അദ്ദേഹം സാധുക്കൾക്കുവേണ്ടി ആരുടെ മുൻപിലും കൈനീട്ടാൻ തയ്യാറായിരുന്നു. അദ്ദേഹം ചോദിച്ചവരാരും നല്കാതിരുന്നിട്ടില്ല, അദ്ദേഹത്തോട് ചോദിച്ചവർക്കാർക്കും ലഭിക്കാതെയുമിരുന്നിട്ടില്ല. എവിടെയോ വായിച്ച ഒരു ഭാഗം ഈ അവസരത്തിൽ മനസ്സിൽ തെളിയുന്നു: “വൃക്ഷങ്ങൾ ഫലം കായ്ക്കുന്നത് സ്വയം അനുഭവിക്കാനല്ല, മറ്റ് ജീവികൾക്കാഹരിക്കുന്നതിനാണ്. നദികൾ ജലവുമായി പ്രവഹിക്കുന്നത് സ്വന്തം ദാഹം തീർക്കാനല്ല, ലോകത്തിന് പ്രയോജനം ചെയ്യുന്നതിനാണ്. ജീവദായകമായ പാൽ മനുഷ്യർക്കു നല്കുന്നതിനുവേണ്ടിയാണ് പശുക്കൾ ജീവിക്കുന്നത്. ഇതുപോലെ മനുഷ്യശരീരം കിട്ടിയ നാം ലോകോപകാരാർത്ഥം ജീവിക്കണം”. തന്നെ അന്നമാക്കുന്ന മനുഷ്യരുടെ സന്തോഷമാണല്ലോ നെല്ലിനു നിർവൃതി നല്കുന്നത്. അഭി. മാർ തിമോത്തിയോസ് പിതാവിന്റെ ജീവിതവും ഇപ്രകാരമുള്ള ഒരു നിർവൃതിയായിരുന്നു. പരോപകാരത്തിന്റെ പര്യായമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അന്യർക്കുഗുണം ചെയ്‌വതിനായി ആയുസ്സും വപുസ്സും ആത്മതപസ്സും ധന്യത്വമോടെ ബലി ചെയ്തവരെയാണല്ലോ ലോകം എന്നും അംഗീകരിക്കുന്നതും ആദരിക്കുന്നതും. മാർ തിമോത്തിയോസ് പിതാവ് സമൂഹത്തിന്റെ ആകമാനം ആദരവും ആംഗീകാരവും നേടിയതും ഇതുകൊണ്ടുതന്നെയായിരുന്നു. ജീവിതം ഒരു ചൂളയായിരുന്നപ്പോൾ അതിൽനിന്നും പ്രവഹിച്ച ചൂടും വെളിച്ചവും ജീവജാലങ്ങൾക്കു നല്കിയ സൂര്യനും, സൂര്യതാപത്തെ ശിരസ്സിലേറ്റി വഴിയാത്രക്കാർക്കു തണൽനല്കിയ വൃക്ഷവും പരോപകാരത്തിന്റെ പ്രകൃതിയിലെ മാതൃകകളല്ലേ? ചുറ്റും പ്രകാശം പരത്തി സ്വയം എരിഞ്ഞടങ്ങുന്ന മെഴുകുതിരിയും പരോപകാരത്തിന്റെ പവിത്രമാതൃകയല്ലേ? മാർ തിമോത്തിയോസ് പിതാവിൽ ഈ സാദൃശ്യങ്ങളെല്ലാം അന്വർത്ഥമാണ്. ഒൻപത് പതിറ്റാണ്ടിലധികം നീണ്ട അദ്ദേഹത്തിന്റെ ജീവിതം ധന്യമായത് അത് അനേകരുടെ ജീവനും ജീവിതത്തിനും ഉതകിയിരുന്നതുകൊണ്ടാണ്. മലയാളത്തിന്റെ മഹാകവി കുമാരനാശാന്റെ ഒരു ഈരടി ഇവിടെ ഓർമ്മ വരുന്നു:

“അന്യ ജീവനുതകി സ്വജീവിതം<br>
ധന്യമാക്കുമമലേ വിവേകികൾ”

വി. മത്തായിയുടെ സുവിശേഷം 24: 45–47 ൽ യേശുനാഥനും പറയുന്നു വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരെന്ന്. “തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. ഞാൻ നിന്നോടു പറയുന്നു, യജമാനൻ അവനെ തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കും”. ഇതാ വിശ്വസ്തനും വിവേകിയുമായ കർതൃദാസൻ നമ്മുടെ വത്സലപിതാവ് തന്റെ യജമാനന്റെ നിയമനം ലഭിച്ച് യാത്രയായിരിക്കുന്നു. കനം തൂങ്ങുന്ന കതിർക്കുലകളുമായി തല താഴ്ത്തി നില്ക്കുന്ന നെൽച്ചെടിയോട് കവി ഓതുന്നതോതിക്കൊണ്ടവസാനിപ്പിക്കട്ടെ;

“തല പോലുമഹോ പരാർത്ഥമായ്<br>
വെടിയാൻ കിടക്കുന്ന സാധു നെല്ലേ<br>
തവചേവടിയിൽ കുമ്പിടട്ടെ,<br>
പടുവാം സ്വാർത്ഥ പരായണൻ മനുഷ്യൻ”

അപരനുവേണ്ടി സർവ്വതും വ്യയം ചെയ്ത് നിസ്വനായ് നിത്യതപൂകിയ വന്ദ്യപിതാവേ തവ ചേവടിയിൽ കുമ്പിടുന്നു മക്കൾ ഞങ്ങൾ.

## ശ്രേഷ്ഠ പിതാവേ, ശോഭയുള്ള.....

(1–ാം പേജ് തുടർച്ച)

എന്ന നിലയിലും വികാരി ജനറാൾ, അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിലൊക്കെയുണ്ടായിരുന്ന വൈഭവവും ഭരണനൈപുണ്യവും ആത്മീക ശക്തിയും അദ്ദേഹത്തെ മെത്രാൻ എന്ന പദവിയിലെത്തിച്ചു. എല്ലാവരുടേയും മനസ്സിൽ സ്ഥാനം പിടിച്ച നാമം പരിശുദ്ധാത്മാവ് സ്ഥിരീകരിച്ചപ്പോൾ ഒരു വികസന മുന്നേറ്റത്തിന് സഭ പിതാവിലൂടെ ഒരുങ്ങുകയായിരുന്നു. തിരുവല്ലായുടെ വികസനത്തിന് വീണ്ടും ആക്കം കൂട്ടിയ പബ്ലിക് സ്റ്റേഡിയം പുഷ്പഗിരിയുടെ ഇരുവശങ്ങളിലും ഉണ്ടായിരുന്ന തിരുവല്ല രൂപതവക സ്ഥലം ഈ വലിയ സാക്ഷാത്കാരത്തിനു ദാനമായി നൽകിയതും പിതാവാണ്.

മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്ത സമയം മുതൽ തിരുവല്ലാ രൂപതയുടെ വളർച്ച ധൃതഗതിയിൽ ആയിരുന്നു. ധാരാളം മിഷനുകൾ ആരംഭിക്കുവാൻ കഴിഞ്ഞു. അഭി.പിതാവിന്റെ ശ്രദ്ധ ചെലുത്താത്ത ഏതെങ്കിലും ഇടവകയോ സ്ഥാപനങ്ങളോ ഇല്ല. പള്ളികൾ പുതുക്കി പണിയുന്നതിനും സണ്ടേസ്കൂൾ ഹാളുകൾ നിർമിക്കുന്നതിനും പിതാവ് ശ്രദ്ധിച്ചിരുന്നു.

പാവപ്പെട്ടവരോട് പക്ഷം ചേരുന്നതിന്റെ ഭാഗമായി ദളിത് കുട്ടികൾക്കുള്ള ഹോസ്റ്റലുകൾ ചുങ്കപ്പാറയിലും, തിരുമൂലപുരത്തും, മാന്നാറിലും, പിതാവ് ആരംഭിച്ചു. അവരെ വളർത്തിക്കൊണ്ടുവരാനുള്ള ധാരാളം പദ്ധതികളും പിതാവ് ആരംഭിച്ചു. ധാരാളം കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുകയുണ്ടായി, പ്രത്യേകിച്ച് നേഴ്സിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി. സാധുജനസംരക്ഷണത്തിന്റെ ഭാഗമായി പിതാവ് നേരിട്ട് സഹായിച്ചാരംഭിച്ച തിരുവല്ലയിലെ അഭയഭവൻ, കാക്കനാട്ട് പ്രവർത്തിച്ചിരുന്ന പ്രൊവിഡൻസ് ഹോം തുടങ്ങിയവ പരസ്നേഹത്തിന്റെ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നു. കാരിത്താസ് ഇന്ത്യയുടെ ചെയർമാനായും സി.ബി.സി.ഐ.യുടെ ഉപാദ്ധ്യക്ഷനുമായിരുന്നുകൊണ്ട് ഭൂകമ്പത്തിൽ നശിച്ചുപോയ ഗുജറാത്തിലെ കച്ചിലെ ആയിരക്കണക്കിന് മനുഷ്യർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻ അദ്ദേഹം നേതൃത്വം എടുത്തു. ദളിത് ക്രൈസ്തവരുടെ അവകാശത്തിനുവേണ്ടിയുള്ള സമരത്തിൽ ഡൽഹി പോലീസിന്റെ അറസ്റ്റു വരിച്ചു.

വിദ്യാഭ്യാസരംഗത്ത് പിതാവ് നടത്തിയ കാൽവയ്പ്പുകൾ വലിയ ദർശനം ഗാംഭീര്യത്തോടെയായിരുന്നു. പുഷ്പഗിരി ഹോസ്പിറ്റൽ മെഡിക്കൽ കോളേജ് ആക്കുവാനുള്ള ധീരമായ തീരുമാനം പിതാവെടുത്തു, അതിനോടു ചേർന്നുള്ള മറ്റു നാലു കോളേജുകളും ആതുരസേവന മേഖലയ്ക്ക് പുത്തൻ പന്ഥാവുവെട്ടിയ തന്റെ മുൻഗാമിയായ ഭാഗ്യസ്മരണാർഹനായ അത്തനാസിയോസ് പിതാവിന്റെ അതേ ചുവടുകൾ കൂടുതൽ ശക്തമായി എടുത്തുകൊണ്ട് ഈ സ്വപ്നം പൂവണിയിപ്പിച്ചു. മെഡിക്കൽ വിദ്യാഭ്യാസം പോലുള്ള ഭാരിച്ച ചെലവുകൾ വരുന്ന ഉന്നത വിദ്യാഭ്യാസ മേഖലകൾ സാധാരണക്കാർക്കുവേണ്ടിയും തുറന്നുകൊടുക്കുവാൻ ഇതിലൂടെ കഴിഞ്ഞു. നിലവാരമുള്ള ബിസിനസ് സ്കൂളുകളോ അറിയപ്പെടുന്ന ഐ.റ്റി സ്ഥാപനങ്ങളോ ഇല്ലാതിരുന്നപ്പോൾ നൂതനമായ കാഴ്ച്ചപ്പാടോടെ സമാരംഭിച്ച മാക്ഫാസ്റ്റ് ഇന്ന് തിരുവല്ലക്കാർക്ക് അഭിമാനമായിരുന്നു. ടെക്നിക്കൽ സ്കൂളുകളും ടീച്ചർ ട്രെയിനിംഗ് സ്കൂളുകളും പ്ലസ്ടു സ്കൂളുകളും സി.ബി.എസ്.സി സ്കൂളുകളും ഒക്കെ ആവിശ്യമുള്ളിടത്ത് ആരംഭിച്ച് വിദ്യാഭ്യാസ മേഖലയെ അനുഗ്രഹിച്ച നേതൃത്വമാണ് ജൂബിലി നിറവിൽ ഇന്നായിരിക്കുന്നത്,

രൂപഭംഗികൊണ്ടും കലാവൈഭവം കൊണ്ടും തിരുവല്ലായുടെ ആകർഷണമായ കത്തീഡ്രൽ ദൈവാലയവും വിവിധ സഭകളെ കോർത്തിണക്കി ഉണ്ടാക്കിയ സംയുക്ത എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷവും ക്രിസ്തു ചരിതം കഥകളി ആക്കുവാൻ കലാകാരന്മാരെ കൈയയച്ചു പ്രോത്സാഹിപ്പിച്ചതും ഓട്ടോറിക്ഷക്കാരുടേയും ടാക്സി ഡ്രൈവേഴ്സിന്റേയും ഭിക്ഷക്കാരുടേയും, രോഗികളുടേയും മറ്റും ഉറ്റ സുഹൃത്ത് എന്ന് വിളിക്കാവുന്ന തരത്തിൽ അവരോട് താദാത്മ്യം പ്രാപിക്കുകയും ചെയ്തു ഈ മഹാനുഭാവൻ.



അഭിവന്ദ്യ തിമോത്തിയോസ് പിതാവ് തന്റെ പിൻഗാമിയായ തോമസ് മാർ കൂറിലോസ് പിതാവിന് മെത്രാഭിഷേകം നൽകുന്ന വേളയിൽ വന്ദ്യപിതാക്കന്മാരോടൊപ്പം

വൈദീകർക്കും സന്യസ്തർക്കും കുഞ്ഞുങ്ങൾക്കും ഒക്കെ ഏറ്റവും പ്രിയപ്പെട്ട പിതാവ്. വൈദീകരുടെ വിശ്രമത്തിന് വേണ്ടി പണിട പള്ളിമലയിലെ ക്ലേർജി ഹോം, സഭാമക്കളുടെ തുടർപരിശീലനത്തിന് വേണ്ടി പണിതുയർത്തിയ തിരുവല്ല ശാന്തി നിലയം, കട്ടപ്പന ജ്യോതിസ്, പീച്ചി ദർശന തുടങ്ങിയ സ്ഥലങ്ങളിലെ അജപാലന കേന്ദ്രങ്ങൾ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലങ്ങൾ തന്നെ. ബാഹ്യഭദ്രാസനമെന്ന് വിളിക്കുന്ന ഡൽഹിയിലേയും പ്രാന്തപ്രദേശങ്ങളിലേയും അജപാലന ഇടവകകൾ, സ്കൂളുകൾ ഇവ സാമ്പത്തീകമായി വലിയ ഭാരങ്ങൾ ഏറെറടുത്തുകൊണ്ട് നിർവഹിച്ച ദീർഘദർശി.

ഇത്രയും സഭയ്ക്കും സമൂഹത്തിനും വേണ്ടി നൽകിയതുകൊണ്ടാവാം അനേകം വൈദീകരുടെ ഗുരുവാകാനും സഭയിലെ കാതോലിക്കാബാവ ഉൾപ്പെടെയുള്ള ആറു പിതാക്കന്മാരുടെ തന്നെ ഗുരുവാകുവാനും ദൈവം അദ്ദേഹത്തിന് ഭാഗ്യം കൊടുത്തത്. എല്ലാവരേയും സ്നേഹിച്ച, എല്ലാവർക്കും നന്മചെയ്ത, ആരേയും മാറ്റി നിർത്താത്ത യേശുനാഥന്റെ സ്നേഹരൂപം ആയിരുന്നു നമ്മുടെ പ്രിയ തിമോത്തിയോസ് പിതാവ്.

ആ പുണ്യജീവിതത്തിന്റെ, ദൈവഭക്തിയുടെ, അനുഭവങ്ങൾ പഠിക്കുവാൻ നമ്മുടെ പിതാവിന്റെ ചരണങ്ങളിൽ ഒരുമിച്ച് കൂടാം. ദൈവം നമുക്കു തന്ന ഈ അമൂല്യനിധിയുടെ മുമ്പിൽ ആദരവിന്റെ മിഴികളോടെ നമുക്കു പാടാം.

ഏലിയാപോൽ ഉജ്ജ്വലനെ<br>
യൂഹനോൻ പോൽ വ്യതവരനെ<br>
നിന്നെ വരിച്ചൊരു സഭ ധന്യാ<br>
നിന്നെ വരിച്ചൊരു സഭ ധന്യാ

# അജഗണത്തെ അടുത്തറിഞ്ഞ ഇടയശ്രേഷ്ഠൻ



ഫാ. ഡോ. ഐസക് പറപ്പള്ളിൽ

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സീനിയർ മെത്രാപ്പോലിത്തായും, തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷനുമായിരുന്ന ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്ത (92) ജൂൺ 4-ാം തീയതി വെളുപ്പിനെ 3.15 ന് കാലം ചെയ്തു. സഭയ്ക്കും അതിഭദ്രാസനത്തിനും പൊതുസമൂഹത്തിനും വലിയ സംഭാവനകൾ നൽകിയ വ്യക്തിയാണ് അദ്ദേഹം. 1988 ആഗസ്റ്റ് 6 ന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി, പതിനഞ്ച് വർഷങ്ങൾ അതിഭദ്രാസനത്തെ ശ്രേഷ്ഠാചാര്യപദവിയിലൂടെ ഊർജ്ജസ്വലമായി ശുശ്രൂഷിച്ച്, പുരോഗതിയിലേക്കും വളർച്ചയിലേക്കും നയിച്ചു. സഭയ്ക്ക് പുറത്തും വിശാലമായ ബന്ധങ്ങൾ സ്ഥാപിച്ച വ്യക്തിയായിരുന്നു അദ്ദേഹം. വിവിധ സഭാമേലദ്ധ്യക്ഷന്മാരുമായും സമുദായ നേതാക്കന്മാരുമായും വലിയ അടുപ്പം അദ്ദേഹം കാത്തുസൂക്ഷിച്ചു. മറ്റ് മതസ്ഥരെയും തന്റെ സ്നേഹത്തിൽ ചേർത്തു നിർത്തി. അകത്തോലിക്കാ-അക്രൈസ്തവ സമൂഹങ്ങൾക്കെല്ലാം ഏറെ സ്വീകാര്യനായിരുന്നു അദ്ദേഹം. ഉന്നതമായ സ്ഥാനങ്ങൾ ഓരോ പ്രാവശ്യവും തന്നെ തേടിയെത്തുമ്പോഴും വിനയാന്വിതനായി, ശുശ്രൂഷാമനോഭാവത്തോടെ അതെല്ലാം ഏറ്റെടുത്തു. മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരി ജനറാൾ, അഡ്മിനിസ്ട്രേറ്റർ തുടങ്ങിയ പദവികളെല്ലാം ഏറ്റം സ്തുത്യർഹമായി അദ്ദേഹം നിർവ്വഹിച്ചു. 1993-1996 വരെ കെ.സി.ബി.സി.യുടെ സെക്രട്ടറി, 1994 മുതൽ 2 പ്രാവശ്യം സി.ബി.സി.ഐ. വൈസ് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചു. 1978 ൽ മെത്രാനാകുവാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഒഴിഞ്ഞുമാറിയ അദ്ദേഹം, വീണ്ടും പത്ത് വർഷങ്ങൾക്കുശേഷം 1988 ൽ അഭിവന്ദ്യ യൂഹാനോൻ പിതാവിന്റെ പിൻഗാമിയായും, അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ മെത്രാനായും ചുമതലയേറ്റു. ആകാരത്തിൽ വലിയവനായിരുന്ന തിരുമേനി, വിശാല ഹൃദയംകൊണ്ടും വലിയവനായിരുന്നു. വൈദികരെയും, സന്യസ്തരെയും, അല്മായരെയും, യുവജനങ്ങളെയും, കുഞ്ഞുങ്ങളെയുമെല്ലാം ഇടയനടുത്ത പിതൃവാൽസല്യത്തിൽ തന്റെ ഹൃദയത്തോട് ചേർത്തു നിർത്തി. 'നിന്റെ വാക്ക് അനുസരിച്ച് ഞാൻ വലയിടാം' എന്ന മുദ്രാവാക്യവുമായി ശുശ്രൂഷാമേഖല അനുഗൃഹീതമാക്കി.

1928 ഫെബ്രുവരി 2-ാം തീയതി മായൽത്തോദിനത്തിൽ, പുറങ്കാവ് തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായുടെയും കാർത്തികപള്ളിൽ പുത്തൻപീടികയിൽ അന്നമ്മയുടെയും സീമന്തപുത്രനായി ജനിച്ചു. അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളിയിൽ ജോർജ് എന്ന പേരിൽ മാമ്മോദീസ സ്വീകരിച്ചു. വീട്ടിലെ വിളിപ്പേര് സണ്ണിയെന്നായിരുന്നു. അമയന്നൂർ സർക്കാർ എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും, മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ (ഇപ്പോഴത്തെ ഇൻഫന്റ് ജീസസ് സ്കൂൾ) മിഡിൽ സ്കൂൾ പഠനവും, കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. കത്തോലിക്കാസഭയെപ്പറ്റി നന്നായി പഠിക്കുവാൻ ഇടയായ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായും കുടുംബവും 1940 ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ബഹു. ഏബ്രഹാം മാരേട്ട് (വല്യ മാരേട്ടച്ചൻ) ആണ് കത്തോലിക്കാസഭയിലേക്ക് കുടുംബത്തെ ചേർത്തത്. 'വൈദികനാകാനാണ് നിന്നെക്കുറിച്ചുള്ള ദൈവികപദ്ധതി' എന്ന് അഭി. സേവേറിയോസ് തിരുമേനി പഠനകാലയളവിൽ സൂചിപ്പിച്ചതാണ്, തന്റെ ജീവിതത്തിന്റെ വഴിത്തിരിവ് എന്ന് അഭി. തിമോത്തിയോസ് തിരുമേനി പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. 1943 ൽ പത്താം ക്ലാസ് ജയിച്ച ജോർജിനെ അഭി. സേവേറിയോസ് തിരുമേനി വൈദിക പരിശീലനത്തിന് സ്വീകരിച്ചു. ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ പരിശീലനം ആരംഭിക്കുകയും, തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി 1945ൽ സിലോണിലെ കാൻഡി സെമിനാരിയിലേക്ക് പോകുകയും ചെയ്തു. 1953 ഓഗസ്റ്റ് 24 ന് കാൻഡി സെമിനാരിയിൽവച്ച് ബിഷപ്പ് ഗ്ലെനിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. ഡിസംബറിൽ നാട്ടിലെത്തിയ അദ്ദേഹം പിന്നീട് കോതമംഗലം, നെല്ലിമറ്റം, മാതൃഇടവകയായ അമയന്നൂർ എന്നിവിടങ്ങളിൽ വികാരിയായി. 1956 ൽ രൂപതാ പ്രൊക്യുറേറ്റർ, 1958 ൽ മൈനർ സെമിനാരി റെക്ടർ എന്നീ ശുശ്രൂഷകൾക്കുശേഷം 1963 ൽ ഉപരിപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലേക്ക് പോയ അദ്ദേഹം, പഠനം കഴിഞ്ഞ് 1967 ൽ തിരിച്ചെത്തി. 1980 വരെ വീണ്ടും മൈനർ സെമിനാരി റെക്ടർ, 1980 മുതൽ സെന്റ് ജോൺസ് കത്തീഡ്രൽ വികാരി, 1984 ഫെബ്രുവരി 16 മുതൽ ഭദ്രാസനത്തിന്റെ വികാരി ജനറാൾ എന്നീ ചുമതലകൾ വഹിച്ചു. അഭി. ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ നിര്യാണത്തെത്തുടർന്ന്, 1987 ഏപ്രിൽ 29 ന് ഭദ്രാസന അഡ്മിനിസ്ട്രേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു. 1988 മെയ് 19 ന് ഭദ്രാസനാദ്ധ്യക്ഷനായി നിയമനം. 1988 ജൂൺ 26 ന് മാതൃഇടവകയായ അമയന്നൂർ പള്ളിയിൽവച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് റമ്പാൻസ്ഥാനവും, 1988 ഓഗസ്റ്റ് 6 ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാഭിഷേകവും സ്വീകരിച്ചു.







ഭദ്രാസനത്തിന്റെ ശുശ്രൂഷകൾ കൂടുതൽ സജീവവും ഫലപ്രദവുമാകുവാൻ, 1997 ജൂലൈ 17-ാം തീയതി ചക്കാലപ്പടിക്കൽ മാമ്മനച്ചനെ സഹായ മെത്രാനായി നിയമിച്ച്, ത്തോമ്മസ് മാർ കൂറിലോസ് എന്ന പേരിൽ മെത്രാഭിഷേകം നൽകി. കൂടെ താമസിപ്പിച്ച് പരിശീലനം നൽകിയതിനുശേഷം അധികാരവും ചുമതലകളും പങ്ക് വയ്ക്കുന്നതിന്റെ ഭാഗമായി, ഭദ്രാസനത്തിന്റെ വടക്കൻ മേഖല വിഭജിച്ച് മൂവാറ്റുപുഴ ഭദ്രാസനം സ്ഥാപിക്കുകയും, 2003 ഫെബ്രുവരി 6-ാം തീയതി, സഹായ മെത്രാനായിരുന്ന കൂറിലോസ് തിരുമേനിയെ അതിന്റെ പ്രഥമ ഇടയനായി ചുമതല ഏൽപ്പിക്കുകയും ചെയ്തു. പതിനഞ്ച് വർഷക്കാലം ദീർഘദൃഷ്ടിയോടെ ഭദ്രാസനത്തെ നയിച്ച അദ്ദേഹത്തിന്റെ കാലയളവ് വലിയ നേട്ടങ്ങളുടെ സമയമായിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളജ്, ഡന്റൽ കോളജ്, ഫാർമസി കോളജ്, നഴ്സിംഗ് കോളജ്, മാക്ഫാസ്റ്റ് കോളജ് എന്നിവയോടൊപ്പം, പാമ്പാടി വിമലാംബിക, കുമരകം മരിയഭവൻ, കോട്ടൂർ എ.എം.ജി., ചക്കുപള്ളം മേരിമാതാ, മാലം മൗണ്ട് മേരി, മേരിഗിരി മരിയൻ എന്നീ സ്കൂളുകളും, ചെങ്ങരൂർ മാർ സേവേറിയോസ് ബിഎഡ് & എം.എഡ് കോളജ്, ശാന്തിനിലയത്തിന്റെ പുതിയ ബ്ലോക്ക്, പള്ളിമല ശാലോം ഭവൻ, പീച്ചി ദർശന പാസ്റ്ററൽ സെന്റർ, കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്റർ, സെന്റ് ജോൺസ് കത്തീഡ്രലിന്റെ പുതിയ ദൈവാലയം, അനേകം പുതിയ ദൈവാലയങ്ങൾ, വൈദിക മന്ദിരങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. അദ്ദേഹത്തിന്റെ കാലത്ത് സ്ഥാപിച്ച പള്ളികൾ, സ്ഥാപനങ്ങൾ, വൈദികമന്ദിരങ്ങൾ എല്ലാംകൂടി 90 ളം ഉണ്ടെന്നത് അദ്ദേഹത്തിന്റെ ശുശ്രൂഷാവേദിയുടെ വിസ്തൃതി വെളിവാക്കുന്നു. അഭി. തിമോത്തിയോസ് പിതാവിന്റെ കൈവയ്പ്പിനാൽ 69 രൂപതാ വൈദികർ പൗരോഹിത്യം സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട ദളിത് ക്രൈസ്തവ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള ഹോസ്റ്റലുകൾ, ബോധനവഴിയുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവയും അദ്ദേഹത്തിന്റെ ശ്രമഫലമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും, ദരിദ്രരെയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വലിയ ഔദാര്യത്തോടെ അഭി. പിതാവ് സഹായിച്ചിരുന്നു. 75 വയസ്സ് പൂർത്തിയായപ്പോൾ, 2003 മാർച്ച് 19 ന് അദ്ദേഹം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്ന് വിരമിച്ചു. തുടർന്ന് പള്ളിമലയിൽ, വിശ്രമജീവിതം നയിക്കുന്ന വൈദികരോടൊത്ത് താമസം ആരംഭിച്ചു. ആരോഗ്യസ്ഥിതി കൂടുതൽ മോശമായപ്പോൾ 2014 ജൂലൈ 17 ന്, സഭയിലെ എല്ലാ പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ പുഷ്പഗിരി ചാപ്പലിൽവച്ച് അഭി. പിതാവിന് കന്തീലാ ശുശ്രൂഷ നടത്തി. 2017 ഫെബ്രുവരി 2-ാം തീയതി നവതി ആഘോഷവും, പൗരോഹിത്യത്തിന്റെ സുവർണ ജൂബിലിയും പുഷ്പഗിരിയിൽവച്ച് നടത്തപ്പെട്ടു.

പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. എല്ലാ ദിവസവും ദീർഘനേരം പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിക്കുമായിരുന്നു. വലിയ മരിയഭക്തനായിരുന്ന അദ്ദേഹം, തറയിൽ മുട്ടുകുത്തി, കൈകൾ വിരിച്ചുപിടിച്ച് ജപമാല ചൊല്ലുന്നത് നിരന്തരം കാണാമായിരുന്നു. എത്ര മണിക്കൂർ വേണമെങ്കിലും അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. ഓരോ സമയത്തും, ഓരോ ആവശ്യങ്ങൾക്കും നടത്തേണ്ട പ്രസംഗങ്ങൾ മുൻകൂട്ടി കുറിപ്പുകളാക്കി സൂക്ഷിച്ചിരുന്നു. നന്നായി ഒരുങ്ങി മാത്രമേ അദ്ദേഹം പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. ലിറ്റർജി കമ്മീഷൻ ചെയർമാനായിരുന്ന അദ്ദേഹം, ആരാധനാകാര്യങ്ങളിൽ വലിയ നിഷ്ഠയും ചിട്ടയും കൃത്യതയും പുലർത്തിയിരുന്നു.

തിരുവല്ലായ്ക്ക് ആത്മീയപ്രഭ ചൊരിഞ്ഞ ശ്രേഷ്ഠാചാര്യനായിരുന്നു അദ്ദേഹം. സഭൈക്യത്തിന്റെ വക്താവുകൂടിയായിരുന്ന അദ്ദേഹമാണ് തിരുവല്ലായിൽ എക്യുമെനിക്കൽ അഷ്ടദിന പ്രാർത്ഥനാവാരം, സംയുക്ത ക്രിസ്മസ് ആഘോഷം, വിവിധ സഭകളിലെ വൈദികരുടെ കൂട്ടായ്മ എന്നിവ ആരംഭിച്ചത്. തിരുവല്ലായിലെ പൊതുപ്രവർത്തനരംഗത്തെല്ലാം അദ്ദേഹം ശ്രദ്ധാകേന്ദ്രമായിരുന്നു. അഭി. ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി, തിമോത്തിയോസ് തിരുമേനിയെ ഓർമിക്കുന്നത് ഇപ്രകാരമാണ്: 'മാന്യതയോടും സൗമ്യതയോടുംകൂടി മറ്റുള്ളവരോട് ഇടപെടുവാൻ എപ്പോഴും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മറ്റുള്ളവരെ നോവിക്കാൻ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല. സംവാദങ്ങളിലും മറ്റും അദ്ദേഹത്തിന്റെ ഈ മനോഭാവം ഏറെ ശ്രദ്ധാർഹമായിരുന്നു. ആരെയും പഴിക്കാതെ, ആരോടും രോഷം കൊള്ളാതെ, തികഞ്ഞ ശാന്തതയോടെയാണ് അദ്ദേഹം ചർച്ചകളിലും മറ്റും പങ്കെടുത്തിരുന്നത്. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കാനുള്ള തുറവി അദ്ദേഹത്തിനുണ്ടായിരുന്നു'.

# ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക...







ആദരാഞ്ജലികളോടെ...




ബഥനി
സിസ്റ്റേഴ്സ്
തിരുമൂലപുരം

ആദരാഞ്ജലികളോടെ...



ബസീലിയൻ
സിസ്റ്റേഴ്സ്,
തിരുവല്ല

ആദരാഞ്ജലികളോടെ...



ഹോളി സ്പിരിറ്റ്
സിസ്റ്റേഴ്സ്,
തിരുവല്ല

ആദരാഞ്ജലികളോടെ...



സെന്റ് മേരീസ്
സീനിയർ
സെക്കന്ററി
സ്കൂൾ, റാന്നി

ആദരാഞ്ജലികളോടെ...



വിമലാംബിക
പബ്ലിക് സ്കൂൾ,
പാമ്പാടി

ആദരാഞ്ജലികളോടെ...



സെന്റ് മേരീസ്
മലങ്കര കത്തോലിക്കാ
ദൈവാലയം,
തിരുമൂലപുരം



ബഥനി ആശ്രമം ജനറലേറ്റിന്റെ
പ്രാർത്ഥനാപൂർവ്വമായ
ആദരാഞ്ജലികൾ...

ആദരാഞ്ജലികളോടെ...

## GIRIDEEPAM INSTITUTIONS



Girideepam Bethany Central School
Girideepam Bethany EMHSS
Girideepam Bethany Kinder City
Girideepam Hostels
Girideepam Institute of Advanced Learning
Girideepam Business School

ആദരാഞ്ജലികളോടെ...



സെന്റ് ജോൺസ്
മെത്രാപ്പോലീത്തൻ കത്തീഡ്രൽ,
തിരുവല്ല




ഗീവർഗീസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്ത

PUSHPAGIRI
MEDICAL COLLEGE HOSPITAL
www.pushpagiri.in care@pushpagiri.in +91 944 77 647 22

ആദരാഞ്ജലികളോടെ...



“ശ്രേഷ്ഠസഹജാ പോവുക ശാന്ത്യാ
ജീവൽ സ്ഥാനമതിൽ നിന്നെ ഏറ്റും നാഥൻ”

ഞങ്ങളുടെ സ്ഥാപക പിതാവിന്
മാക്ഫാസ്റ്റ്
കുടുംബത്തിന്റെ
പ്രാർത്ഥനാ മഞ്ജരികൾ